**CAPEX**
**Kerala State Cashew Workers Apex Industrial Co-operative Society Ltd.**

P.B.No. 262, Industrial Development Plot
H & C Compound, Mundakkal West, Kollam - 691 001.
Reg.No. : IND(ST) 12
Phone : 0474 - 2742499, 2765644

e-mail : cashewcapex@rediffmail.com
website : www.cashewcapex.com

No:-Capex/Com/Ash/2025-26/02 22/11/2025

## ക്വട്ടേഷൻ നോട്ടീസ്

കാപ്പക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിൽ നിന്നും വറുപ്പ് ചാരം (Roasted Ash) ഒരു വർഷത്തേക്ക് വിലയ്ക്കെടുക്കുന്നതിനായി സീൽ വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു . കാപ്പെക്സ് പത്തു ഫാക്ടറികൾക്ക് ഒരുമിച്ച് ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ് . ക്വട്ടേഷനിൽ 1 കിലോ ചാരത്തിന്റെ വില രേഖപ്പെടുത്തേണ്ടതാണ് . കാപ്പെക്സ് ഫാക്ടറികളിൽ നിലവിൽ ഏകദേശം 10 ടൺ ചാരം സ്റ്റോക്ക് ഉള്ളതും കൂടാതെ പ്രതിമാസം 4 ടൺ വീതം സ്റ്റോക്ക് ഉണ്ടാകുന്നതുമാണ് . ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 500/- രൂപ ഇ എം ഡി ആയി ഒടുക്കേണ്ടതാണ് ക്വട്ടേഷനുകൾ 29/11/2025 12:00 മണിക്ക് മുൻപ് കാപ്പെക്സ് ഹെഡ് ഓഫീസിൽ ലഭിക്കേണ്ടതാണ് . അന്ന് തന്നെ 12:30 ന് അപ്പോൾ ഹാജരാകുന്നവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ് . ഇതേ കുറിച്ച് ഒരു അന്തിമ തീരുമാനം കൈക്കൊള്ളുന്നത് വരെ ക്വട്ടേഷൻ പ്രാബല്യമുണ്ടായിരിക്കും.

ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ഫാക്ടറി പ്രവർത്തനത്തിന് തടസമുണ്ടാകാത്ത വിധം അതാത് ആഴ്ചയിലോ / മാസത്തിലോ ചാരം നീക്കം ചെയ്യേണ്ടതാണ് . ആയത് കൊണ്ടുപോകാനുള്ള കാലിച്ചാക്ക് കക്ഷികൾ കൊണ്ട് വരേണ്ടതാണ് . ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ കാപ്പെക്സ് അധികൃതരുടെ വാക്കാലോ, രേഖാമൂലമോ ഉള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ബാധ്യസ്ഥരായിരിക്കും . ക്വട്ടേഷൻ സംബന്ധിച്ച് സൊസൈറ്റിയിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമാണ് . അധികൃതർ കൈക്കൊള്ളുന്ന തീരുമാനം അന്തിമവുമായിരിക്കും . ക്വട്ടേഷനുകൾ കാരണം കൂടാതെ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സൊസൈറ്റി മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഫാക്ടറിയിൽ നിന്നും കാപ്പക്സിന്റെ ഹെഡ് ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

മാനേജിങ് ഡയറക്ടർ